13-ാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3968 — 31.01.2014-ൽ മറുപടിയ്ക്ക്

## സർക്കാരിന്റെ സേവന-വേതന വ്യവസ്ഥ അനുവർത്തിച്ചിട്ടുള്ള പൊതുമേഖലാസ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാരിന്റെ സേവന-വേതന വ്യവസ്ഥകൾ അതേപടി അനുവർത്തിച്ചുവരുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് സംസ്ഥാനത്തുള്ളതെന്ന് അവയുടെ പേരുകൾ സഹിതം വ്യക്തമാക്കാമോ; | (എ) (ബി) (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയ 01.7.2009 മുതലുള്ള പുതുക്കിയ നിരക്കിലുള്ള ശമ്പള പരിഷ്കരണം ഇതിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | |
| (സി) പ്രസ്തുത സ്ഥാപനങ്ങളിൽ കഴിഞ്ഞ 5 വർഷമായി തുടർച്ച യായി ലാഭത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്; | |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാന സർക്കാരിന്റെ സേവന-വേതന വ്യവസ്ഥകൾ അതേപടി നടപ്പാക്കിവരുന്നതും, കഴിഞ്ഞ ആറ് വർഷമായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്നതുമായ സിഡ്കോയിൽ 1.7.2009 മുതൽ സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ശമ്പളപരിഷ്കരണം ഇതേവരെ നടപ്പാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ) | 26.3.2013 - ൽ 2242 - ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരമായി, സിഡ്കോയിലെ ജീവനക്കാരുടെ സംഘടനാ ഭാരവാഹികളായ മൂന്ന് എം.എൽ.എ മാർ ഒപ്പിട്ട് 18.12.12 ന് നൽകിയ ശമ്പള പരിഷ്കരണം സംബന്ധിച്ച നിവേദനത്തിലെ ആവശ്യം പരിശോധിച്ചുവരുന്നായി നൽകിയ മറുപടി , നടപ്പാക്കാൻ സ്വീകരിച്ച കാര്യങ്ങൾ എന്തൊക്കെ യെന്ന് വിശദമാക്കാമോ ; | (ഇ) | സിഡ്കോ ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട ഫയൽ നടപടിക്രമങ്ങളുടെ ഭാഗമായി പ്ലാനിംഗ് (ബി.പി.ഇ) വകുപ്പിലും, ധനകാര്യ വകുപ്പിലും നൽകി അഭിപ്രായം ആരാഞ്ഞിരുന്നു. പ്രസ്തുത വകുപ്പുകൾ ഇതിന്മേൽ അധിക വിവരം ആരാഞ്ഞിരിക്കുകയാണ്. കഴിവതും വേഗം ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (എഫ്) | സിഡ്കോ ജീവനക്കാർക്ക് പരിഷ്കരിച്ച ശമ്പളം എന്നുമുതൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (എഫ്) | |

സെക്ഷൻ ഓഫീസർ